**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 576** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഹൈറിച്ച് ഓൺ ലൈൻ ഷോപ്പിക്കെതിരെ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഹൈറിച്ച് ഓൺ ലൈൻ ഷോപ്പിക്ക് എതിരെ സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഇവർ നടത്തിയ നികുതി വെട്ടിപ്പ് ഏത് തരത്തിലുളളതാണെന്നും ഏതൊക്കെ വർഷങ്ങളിലായി എത്ര രൂപയുടെ ടേണോവർ കണക്കിൽ പെടാതെ പോയെന്നും ഇതിൽ ഉൾപ്പെട്ട ഐ.ജി.എസ്.ടി./ സി.ജി.എസ്.ടി./ എസ്.ജി.എസ്.ടി. എത്ര രൂപയാണെന്നും ഇതിൽ എത്ര രൂപ ഈടാക്കിയെന്നും വ്യക്തമാക്കുമോ; ഏത് വകുപ്പ് പ്രകാരമാണ് നടപടി സ്വീകരിച്ചതെന്നും തുക ഈടാക്കിയത് ഏത് വകുപ്പ് പ്രകാരമാണെന്നും അറിയിക്കുമോ; | (എ) | പ്രസ്തുത വിവരം വെളിപ്പെടുത്തുന്നതിനു SGST നിയമത്തിലെ സെക്ഷൻ 158 പ്രകാരം പരിമിതിയുണ്ട്. കേരളീയം സംബന്ധിച്ച വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. |
| (ബി) | ഇതിൽ നികുതി / പിഴ / പലിശ എത്രയാണെന്നും ഈ നികുതി വെട്ടിപ്പിൽ പ്രതികളായ കമ്പനിയുടേയോ കമ്പനിയുടമകളുടേയോ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിരുന്നോയെന്നും കമ്പനിയുടെ രണ്ട് ഡയറക്ടർമാരേയും അറസ്റ്റ് ചെയ്യുവാൻ നികുതി വകുപ്പ് കമ്മീഷണർ അനുമതി നൽകിയിരുന്നോയെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത വിവരം വെളിപ്പെടുത്തുന്നതിനു SGST നിയമത്തിലെ സെക്ഷൻ 158 പ്രകാരം പരിമിതിയുണ്ട്. കേരളീയം സംബന്ധിച്ച വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. |
| (സി) | അന്വേഷണ ഉദ്യോഗസ്ഥൻ ഒരു ഉടമയെ അറസ്റ്റിൽ നിന്ന് ഒഴിവാക്കിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് പ്രത്യേക കാരണമുണ്ടോ; വിശദാംശം അറിയിക്കുമോ; | (സി) | പ്രസ്തുത വിവരം വെളിപ്പെടുത്തുന്നതിനു SGST നിയമത്തിലെ സെക്ഷൻ 158 പ്രകാരം പരിമിതിയുണ്ട്. കേരളീയം സംബന്ധിച്ച വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. |
| (ഡി) | ജി.എസ്.ടി. വെട്ടിപ്പ് സംബന്ധിച്ച മതിയായ രേഖകൾ ഒന്നും അന്വേഷണ ഉദ്യോഗസ്ഥൻ ഹാജരാക്കാത്തതിനാൽ പ്രതിക്ക് സെഷൻസ് കോടതി ഏഴ് ദിവസത്തിനകം ജാമ്യം കൊടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജാമ്യ വിധിക്കെതിരെ | (ഡി) | പ്രസ്തുത വിവരം വെളിപ്പെടുത്തുന്നതിനു SGST നിയമത്തിലെ സെക്ഷൻ 158 പ്രകാരം പരിമിതിയുണ്ട്. കേരളീയം സംബന്ധിച്ച വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. |

| | | | |
|---|---|---|---|
| | സർക്കാർ അപ്പീൽ നൽകിയിരുന്നോയെന്നും പ്രസ്തുത കമ്പനിയിൽ നിന്നും കേരളീയത്തിനോ നവ കേരള സദസ്സിന്റെ നടത്തിപ്പിനോ സ്പോൺസർഷിപ്പ് ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ